കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

215 (3726) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ വർഗ്ഗീയ സംഘർഷങ്ങൾ, രാഷ്ട്രീയ സംഘർഷങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, എസ്.സി/എസ്.ടി വിഭാഗക്കാർക്കെതിരെയുള്ള അക്രമങ്ങൾ, ബാലപീഡനം, ഭവനഭേദനം, കളവ് എന്നീ വിഭാഗത്തിൽപ്പെട്ട കേസുകൾ എത്രയാണെന്ന് തരം തിരിച്ച് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളുടെ അക്രമത്തിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്, മരണപ്പെട്ടവർ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണെന്നും അക്രമികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 54,916 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേസുകളുടെ വിവരം തരംതിരിച്ച് ചുവടെ ചേർക്കുന്നു:

കേസുകളുടെ വിഭാഗം	കേസുകളുടെ എണ്ണം
വർഗ്ഗീയ സംഘർഷങ്ങൾ	289
രാഷ്ട്രീയ സംഘർഷങ്ങൾ	805
സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ	2930
എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ	197
ബാലപീഡനം	579
ഭവനഭേദനം	617
കളവ്	770

LIBRARY ARCHIVES Kerala Legislative Assembly

(സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളുടെ അക്രമത്തിൽപ്പെട്ട് 2 പേർ മരണമടഞ്ഞിട്ടുണ്ട്. ഇതിൽ മരണപ്പെട്ടവർ സി.പി.ഐ.(എം) പ്രവർത്തകരും അക്രമികൾ കോൺഗ്രസ്/ബി.ജെ.പി. പ്രവർത്തകരുമാണ്.

കാസർഗോഡ് എം.പി., പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം

216 (3728) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കൂടുംബയോഗം കഴിഞ്ഞ് മടങ്ങവേ കാസർഗോഡ് എം.പി. പി. കരുണാകരനെ തടഞ്ഞ് നിർത്തി ആക്രമിക്കാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് എടുത്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;വിശദാംശം അറിയിക്കാമോ;

(ഡി) പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നം. 606/2015 u/s 143, 147,341, 506 (1) r/w 149 IPC ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ താഴെപ്പറയുന്നവരാണ് പ്രതികൾ.

1. ഇസ്മായിൽ, S/o. മുഹമ്മദ്
2. അഹമ്മദ്, S/o. ഷേക്കായി
3. മുഹമ്മദ് ബഷീർ, S/o. ഈതീൻ കുഞ്ഞ്
4. അബ്ദുൾ ലത്തീഫ്, S/o. ഇസ്മായിൽ
5. അബ്ദുൾ കരീം S/o. ഉമ്മർ

LIBRARY ARCHIVES Kerala Legislative Assembly